പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2721

21.06.2012- ലെ
മറുപടിക്ക്

## കയർ ക്രയവില സ്ഥിരതാപദ്ധതി

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കയർ ക്രയവില സ്ഥിരതാപദ്ധതി ആരംഭിച്ചതു മുതൽ ഓരോ വർഷവും എത്ര രൂപയുടെ കയർ ഉല്പന്നങ്ങൾ കയറ്റുമതിക്കാർക്ക് സംഭരിച്ച നൽകി എന്ന് വ്യക്തമാക്കാമോ; | (എ) കയർ ക്രയവില സ്ഥിരതാദ്ധതി 2007 മുതൽ ആരംഭിച്ചു. ഈ പദ്ധതി പ്രകാരം കയറ്റുമതിക്കാർക്ക് ഓരോ വർഷവും ഉൽപ്പന്നങ്ങൾ സംഭരിച്ചു നൽകിയിട്ടുളള വിവരങ്ങൾ താഴെ കൊടുക്കുന്നു<br><br>2007 - 08 - 9.23 കോടി രൂ<br>2008 - 09 - 30.22 കോടി രൂ<br>2009 - 10 - 47.50 കോടി രൂ<br>2010 - 11 - 73.28 കോടി രൂ<br>2011 - 12 - 50.94 കോടി രൂ<br>2012 ഏപ്രിൽ മുതൽ മെയ് 15 വരെ - 4.00 കോടി രൂ |
| (ബി) 2012 ജനുവരി മുതൽ മേയ് വരെ എത്ര തുകയുടെ കയറുല്പന്നങ്ങൾ ഈ പദ്ധതിയിൽ സംഭരിച്ച നൽകി എന്ന് അറിയിക്കാമോ; | (ബി) പി. പി. എസ്. എ.സ് പദ്ധതി പ്രകാരം 2012 ജനുവരി മുതൽ 2012 മെയ് 15 വരെ 17.84 കോടി രൂയുടെ കയറുല്പ്പന്നങ്ങൾ സംഭരിച്ചുനൽകിയിട്ടുണ്ട്. |
| സി) 2010 ജനുവരി മുതൽ മേയ് വരെ എത്ര തുകയുടെ കയറുല്പന്നങ്ങൾ സംഭരിച്ച എന്ന് വ്യക്തമാക്കാമോ; | സി) പി. പി. എസ്. എ.സ് പദ്ധതി പ്രകാരം 2010 ജനുവരി മുതൽ മെയ് വരെ 28.42 കോടി രൂയുടെ ഉൽപ്പന്നങ്ങൾ സംഭരിച്ചു . |
| (ഡി)കയറുല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിക്കുമ്പോഴും ക്രയവില സ്ഥിരതാപദ്ധതിയിൽ നിന്നും കയറ്റുമതിക്കാർ ഉല്പന്നങ്ങൾ സംഭരിക്കുന്നതു കുറഞ്ഞുവരുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) കയറ്റുമതിക്കാർ ക്രയവില സ്ഥിരതാ പദ്ധതിയിലൂടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നത് കുറഞ്ഞുവരുന്നതിന് പ്രധാനമായും ചൂണ്ടിക്കാണിക്കുന്നത് ഉൽപ്പന്നങ്ങളുടെ വിലക്കൂടുതൽ ആണ്. അസംസ്കൃത വസ്തുക്കളുടെ വില താരതമ്യേന കുറഞ്ഞതിനെത്തുടർന്ന് PPSS- ന്റെ |

| | |
|---|---|
| | ഗ്രീവൻസ് കമ്മിറ്റി കൂടുകയും 09/05/2012 ന് ശേഷം സംഭരിക്കുന്ന തടുക്കുകൾക്ക് 5 ശതമാനവും മാറ്റിങ്ങിന് 5.50 ശതമാനവും വില കുറയ്ക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ഈ ഒരു സാഹചര്യം കയറ്റുമതിക്കാർ പ്രയോജനപ്പെടുത്തുമെന്നും കൂടുതൽ ഉൽപ്പന്നങ്ങൾ ക്രയവില സ്ഥിരതാ പദ്ധതിയിലൂടെ സംഭരിക്കുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ